പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7271 16.07.2012 - ൽ മറുപടിക്ക്**

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സപ്ലൈകോയുടെ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരം ആണെന്ന് ഉറപ്പു വരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിൽ ഉണ്ട്. ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ആ ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണ നിലവാരം നിയമപ്രകാരം ആണെന്ന് ഉറപ്പു വരുത്തുവാൻ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടുണ്ടോ എന്ന് സംശയം ഉള്ളപ്പോൾ റീജിയണൽ അനലറ്റിക്കൽ ലാബിലും, എൻ.എ.ബി.എൽ. അംഗീകാരം ഉള്ള ലാബിലും പരിശോധന നടത്താറുണ്ട്. കൂടാതെ, കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോ ബയോളജിക്കൽ ലാബിൽ ജൈവ സൂക്ഷ്മാണു പരിശോധന നടത്തുന്നുമുണ്ട്.<br><br>പൊതുജനങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ ഗുണമേൻമയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈ കോയുടെ എല്ലാ വിൽപ്പനശാല കളിലും നിലവിൽ ഉണ്ട്. പായ്ക്കറ്റ് ഭക്ഷ്യവസ്തുകൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നിവ യിലുള്ള ഗുണനിലവാരം നിർബന്ധ മാക്കിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കൾ കൈപ്പറ്റിയ ശേഷം ഗുണമേൻ മക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട കരാറുകാരിൽ നിന്നും മാറ്റി വാങ്ങുവാൻ ഉള്ള സംവിധാനവും നിലവിൽ ഉണ്ട്. കാലാകാലങ്ങളിൽ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു.<br><br>സപ്ലൈകോയുടെ എല്ലാ ഡിപ്പോകളും, സബ്-ഡിപ്പോകളും കാലാകാലങ്ങളിലെ നിയമങ്ങൾക്ക് അനുസരിച്ച് ശുദ്ധമായും വൃത്തിയായും പരിപാലിക്കുവാനും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ സപ്ലൈകോയുടെ വിജിലൻസ് വിഭാഗം കർശനമായ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്. |
| **ബി)** | ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | **ബി)** | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ ഒന്നും ഇല്ല. ഗുണനിലവാര ഉത്തരവുകൾ കോർപ്പറേഷൻ സ്വന്തം നിലയ്ക്ക് നിഷ്കർഷിച്ച് കർശനമായി നടപ്പാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**